കെ. എസ്. ആർ. ടി. സി. യുടെ പുതിയ ബസ്സുകൾ

*106 [115] ശ്രീ. വി. കെ. രാജൻ:

,, പി. കെ. ശ്രീനിവാസൻ:

,, സി. എ. കുര്യൻ: താഴെക്കാണുന്ന ചോദ്യത്തിനു ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇക്കൊല്ലം എത്ര പുതിയ ബസ്സുകൾ കോർപ്പറേഷൻ പുറത്തിറക്കി?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ 1979 ജനുവരി മുതൽ സെപ്തമ്പർ 20 വരെ 282 പുതിയ ബസ്സുകൾ പുറത്തിറക്കിയിട്ടുണ്ട്.

വിദ്യാർത്ഥി സമരംമൂലം കേടുപാടുകൾ വന്ന ബസ്സുകൾ

*107 [116] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ വിദ്യാർത്ഥി സമരംമൂലം എത്ര ബസ്സുകൾക്ക് കേടുപാടുകൾ വന്നു; അതുമൂലം വന്ന നഷ്ടമെത്ര;

(ബി) പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് ബസ്സിൽ കൺസഷൻ കൊടുക്കുന്നതുമൂലം വരുന്ന നഷ്ടം എത്ര?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) പൂർണ്ണമായ വിവരങ്ങൾ വിവിധ ഡിപ്പോകളിൽനിന്നും ശേഖരിച്ചുവരുന്നു. വരുമാനനഷ്ടം കണക്കാക്കുമ്പോൾ കേടുപാടുകൾ വന്ന ബസ്സുകൾ വർക്ക് ഷോപ്പിൽ റിപ്പയറിനുവേണ്ടി കിടന്ന കാലയളവിൽ ട്രിപ്പുകൾ ഓടാത്തതുനിമിത്തം സംഭവിക്കുന്ന നഷ്ടംകൂടി കണക്കാക്കേണ്ടതുണ്ട്.

(ബി) പാരലൽ കോളേജ് വിദ്യാർത്ഥികളുടെ സംഖ്യ എത്രയാണെന്ന് ഔദ്യോഗികമായി കണക്കില്ല. ഇപ്പോൾ ഇവർക്ക് കൺസഷൻ ടിക്കറ്റ് നൽകുന്ന എർപ്പാട് നിലവിലില്ലാത്തതിനാൽ കൺസഷൻ ടിക്കറ്റ് നൽകിയാൽ വരാവുന്ന നഷ്ടം കണക്കാക്കിയിട്ടില്ല.

കെ. എസ്. ആർ. ടി. സി. യുടെ നഷ്ടം

*108 [117] ശ്രീ. വി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിനു ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ആർ. ടി. സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിയും ലാഭത്തിലാണെന്നു സ്ഥാനമൊഴിഞ്ഞ ജനറൽ മാനേജരും പറഞ്ഞിരിക്കുന്നതിലെ പൊരുത്തക്കേട് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly